ഉത്തരം

(എ, ബി) വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന വിശദമായ ഒരു ഡാറ്റാ ബേയ്സ് നോർക്ക വകുപ്പിലോ അതിന്റെ ഹീൽഡ് ഏജൻസിയായ റൂട്ട്സിലോ നിലവിലില്ല. എന്നാൽ കേരളത്തിൽ നിന്നും വിദേശത്തേയ്ക്കുള്ള കുടിയേറ്റം, മടങ്ങിവരവ്, സൃഷ്ടിച്ച പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ച് തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് സർക്കാരിന്റെ സഹായത്തോടെ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. കൂടാതെ വിദേശ രാജ്യങ്ങളിലും ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിലുമുള്ള കേരളീയരുടെ ചില സംഘടനകളെ സംബന്ധിക്കുന്ന വിവരങ്ങളും നോർക്ക വകുപ്പിൽ ലഭ്യമാണ്.

പ്രവാസി മലയാളികളെ സംബന്ധിച്ച് ഒരു വിശദമായ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പൊതുമാപ്പ് ലഭിച്ച് മടങ്ങിയെത്തിയവരുടെ പുനരധിവാസം

156. [5139] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമാപ്പ് ലഭിച്ച എത്രപേർ സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനകം മടങ്ങിയെത്തിയിട്ടുണ്ട്;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ്;

(ഡി) ഇതിനായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) പൊതുമാപ്പ് ലഭിച്ച് മടങ്ങിയെത്തിയവരെക്കുറിച്ചുള്ള പ്രത്യേക കണക്ക് ശേഖരിച്ചിട്ടില്ല.

(സി—ഇ) മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുവാനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ അവർക്ക് സർക്കാരിന്റെ കീഴിലുള്ള ഇതര ഏജൻസികളുമായി ബന്ധപ്പെട്ട് ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ഹ്രസ്വകാല പരിശീലന പദ്ധതികൾ തയ്യാറാക്കുന്നതാണ്.

വിദേശ മലയാളികളുടെ മുതൽമുടക്കിന് സർക്കാർ ഗ്യാരണ്ടി

157 [5140] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾ സംസ്ഥാനത്തെ വിവിധ പ്രോജക്റ്റുകളിൽ മുതൽമുടക്കാൻ തയ്യാറായി വരുമ്പോൾ അവരുടെ മുതൽമുടക്കിന് സർക്കാർ ഗ്യാരണ്ടിയും അവർക്ക് പ്രോത്സാഹനവും നൽകാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly